LIBRARY ARCHIVES Kerala Legislative Assembly

വില്ലേജുകളും ഉടൻതന്നെ റെലീസ് Ver. 2 വിലേയ്ക്ക് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുംപെട്ട 420 വില്ലേജുകളിലേയ്ക്കുകൂടി 31-3-2016-നകം ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 21-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 550/2015/പൊ.ഭ.വ. പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഭൂമിയുടെ നികുതി ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം കോട്ടയം ജില്ലയിലെ 100 വില്ലേജുകളിൽ നടപ്പിലാക്കി.

കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണം

72(2688) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകാത്തതുമൂലം പാലം നിർമ്മാണം നിശ്ചലാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാവിധ രേഖകളും സർക്കാരിന് സമർപ്പിച്ചുവെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) എത്രത്തോളം ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആയത് എന്നത്തേക്ക് ഏറ്റെടുത്ത് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൊല്ലം ജില്ലയിൽ പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാതല പർച്ചേയ്സ് കമ്മിറ്റി മുമ്പോട്ടുവച്ച സ്ഥലവില അംഗീകരിച്ചുകൊണ്ട് ആകെയുള്ള 23 ഭൂവുടമകളിൽ 8 പേർ മാത്രമാണ് ഭൂമി വിട്ടുതരുന്നതിന് സമ്മതപത്രം നൽകിയിട്ടുള്ളത്. ബഹുഭൂരിപക്ഷം ഭൂവുടമകളും സമ്മതപത്രം നൽകാത്ത സാഹചര്യമാണ് ഭൂമി ഏറ്റെടുക്കലിന് തടസ്സം സൃഷ്ടിച്ചിട്ടുള്ളത്.

(സി) കൊല്ലം താലൂക്കിൽ മീനാട്, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽനിന്നും 0.3733 ഹെക്ടർ സ്ഥലമാണ് പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് അപ്രോച്ച് റോഡിനുവേണ്ടി ഏറ്റെടുക്കുവാനുള്ളത്. പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം അടിസ്ഥാനമാക്കി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതിനാൽ കഴിവതും വേഗം സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കൊല്ലം ജില്ലയിൽ മുളക്കട ജംഗ്ഷൻ മുതൽ വാടി വരെയുള്ള റോഡ് വികസനത്തിനായി കൊല്ലം താലൂക്കിൽ, കൊല്ലം വെസ്റ്റ് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 0.3890 ഹെക്ടറും കൊല്ലം പോർട്ടിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിനായി കൊല്ലം താലൂക്കിൽ, കൊല്ലം വെസ്റ്റ് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 0.2558 ഹെക്ടറും ചീക്കൽക്കടവ് പാലത്തിനും അനുബന്ധ റോഡിന്റെ നിർമ്മാണത്തിനുമായി കൊല്ലം താലൂക്കിൽ, കിഴക്കേ കല്ലട വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 0.4009 ഹെക്ടർ സ്ഥലവും കഴിഞ്ഞ മൂന്ന് വർഷക്കാലയളവിനുള്ളിൽ പൊതു ആവശ്യത്തിനായി ഏറ്റെടുത്തിട്ടുണ്ട്.

സ്വകാര്യ ഭൂമി കയ്യേറ്റം

73(2690) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്ക് കുറുവ വില്ലേജിലെ പാങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഭൂമി, ക്ഷേത്ര കമ്മിറ്റി കയ്യേറിയതായുള്ള പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്ഥല പരിമിതിയാൽ ബുദ്ധിമുട്ടുന്ന സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് തടസ്സമായ പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പരാതിയിന്മേൽ നടപടികൾക്കായി പെരിന്തൽമണ്ണ സബ് കളക്ടർക്ക് ജില്ലാ കളക്ടർ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കയ്യേറ്റവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ മുൻസിഫ് കോടതി ഐ.എ.1253/13 നമ്പരായി നിരോധന ഉത്തരവായിട്ടുണ്ട്.

(ബി) നിരോധന ഉത്തരവിനനുസൃതമായി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly